# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 23 — 10.12.2012-ൽ മറുപടിയ്ക്ക്

## ഇ.എഫ്.എൽ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി. കെ. എസ്. സലീഖ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |

എ) പരിസ്ഥിതി ദുർബല പ്രദേശങ്ങളെ (ഇ.എഫ്.എൽ) സംബന്ധിച്ച നിയമത്തിൽ മാറ്റം വരുത്താനുള്ള നിർദ്ദേശത്തോട് വനം വകുപ്പിന്റെ വിയോജിപ്പ് എന്താണെന്ന് വിശദമാക്കുമോ;

എ) ആക്ടിലെ 3(1) സെക്ഷൻ പ്രകാരം ഭൂമി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷമാണ് ഇപ്പോൾ കസ്റ്റോഡിയൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഇത് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ട്രൈബ്യൂണലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ സെക്ഷൻ 10(എ) പ്രകാരം രണ്ട് ഹെക്ടറിൽ താഴെയുള്ള ഭൂമി സംബന്ധിച്ച് പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് മറ്റൊരു തർക്ക പരിഹാര സമിതിയും ഉണ്ട്. ഈ സാഹചര്യത്തിൽ പുതിയതായി നിർദേശിച്ച ഭേദഗതി ആക്ടിൽ മാറ്റം വരുത്തുകയാണെങ്കിൽ അത് മുൻപ് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ ഉൾപ്പെട്ട ഭൂമികളുടെ ഉടമസ്ഥരോടുള്ള ഒരു വിവേചനമായി വ്യാഖ്യാനിക്കാൻ ഇടവരുന്നുണ്ട്. ഇത് സംബന്ധിച്ച് ഭാവിയിൽ വ്യവഹാരങ്ങൾ ഉണ്ടാകാനും സാധ്യത ഉണ്ട്. ഇത് നിയമത്തിന്റ ഭരണഘടനാപരമായ സാധുതയെക്കൂടി, ബാധിക്കാനും ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ

സർക്കാരിനെതിരായി വരാനുമുള്ള സാദ്ധ്യതയുണ്ട്.

രണ്ടാമത്തെ ഭേദഗതി നിർദേശം വിജ്ഞാപനം ചെയ്ത ഭൂമി സംബന്ധിച്ച് പരാതികൾ പരിശോധിക്കുന്നതിന് കസ്റ്റോഡിയന് അധികാരം നൽകണമെന്നാണ്.

ഇ.എഫ് .എൽ. ആക്ടിന്റെ പത്തൊൻപതാം വകുപ്പ് മൂന്നാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം ഓർഡിനൻസിലെ 3(3) വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏതൊരു വിജ്ഞാപനവും പുന പരിശോധന നടത്തുന്നതിനും ആവശ്യമെങ്കിൽ ഇങ്ങനെയുള്ള വിജ്ഞാപനം ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് പുതുക്കി പുറപ്പെടുവിക്കുന്നതിനും കസ്റ്റോഡിയന് അധികാരം നൽകുന്നു. 2000 ലെ ഓർഡിനൻസ് പ്രകാരം കാപ്പി, ഏലം എന്നിവ കൃഷി ചെയ്തിരുന്ന സ്ഥലങ്ങളാണ് ഓർഡിനൻസിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടത് . എന്നാൽ ആക്ടിലെ 2(സി) പ്രകാരം വനത്തിന്റെ നിർവചനത്തിൽ കാപ്പി, തേയില, റബ്ബർ, കുരുമുളക് ,ഏലം, നെല്ല്, കമുക്, കശുമാവ്, തുടങ്ങിയ ദീർഘകാല വിളകൾ ഇ.എഫ് .എൽ. പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് . അത്തരം വിളകൾ കൃഷി ചെയ്തിട്ടുള്ള ഭൂപ്രദേശങ്ങൾ ഓർഡിനൻസ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ അവ പുനപരിശോധിക്കുന്നതിന് ആയിരിക്കാം മേൽ വകുപ്പ് പ്രകാരം കസ്റ്റോഡിയന് അധികാരം നൽകിയിരുന്നത്.

ഇപ്പോൾ ആക്ടിലെ ഇ.എഫ് .എൽ നിർവചനത്തിൽ വരുന്ന ഭൂമി മാത്രമേ കസ്റ്റോഡിയൻ വിജ്ഞാപനം ചെയ്യു വരുന്നുള്ളൂ കൂടാതെ ആക്ടിലെ 10(എ) വകുപ്പ് പ്രകാരം രണ്ടു ഹെക്ടറിന് താഴെയുള്ള ഭൂമി സംബന്ധിച്ച് പരാതികൾ പരിശോധിച്ച് തീർപ്പ് കല്പ്പിക്കുന്നതിനു ഒരു തർക്ക പരിഹാര സമിതിയും കൂടാതെ ആക്ടിലെ ഒൻപതാം വകുപ്പ് പ്രകാരം രൂപീകരിച്ച ട്രൈബ്യൂണലും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ആക്ട് പ്രകാരം കസ്റ്റോഡിയൻ പുറപ്പെടുവിച്ച വിജ്ഞാപനം

| | | | |
|---|---|---|---|
| | | | അദ്ദേഹം തന്നെ പുന:പരിശോധിക്കണമെന്ന വ്യവസ്ഥ ആക്റ്റിൽ കൊണ്ട് വരുന്നത് ഉചിതമാകില്ല. |
| ബി) | ഇതു സംബന്ധമായി വനം വകുപ്പുമന്ത്രി മുഖ്യമന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. നയപരമായ തീരുമാനം എടുക്കുവാൻ വേണ്ടി പരിഗണനയിലാണ്. |
| സി) | 2011 നവംബറിൽ മുഖ്യമന്ത്രി യുടെ അദ്ധ്യക്ഷതയിൽ നടന്ന ഉന്നതതലയോഗ ത്തിൽ ഇ.എഫ്.എൽ നിയമ ത്തിൽ എന്തെല്ലാം ഭേദഗതി കൾ കൊണ്ടുവരാനാണ് നിർദ്ദേശം ഉണ്ടായിരുന്നത്; വനംവകുപ്പിന്റെ നിലപാട് പ്രസ്തുത യോഗത്തിൽ ഉന്നയിക്കുകയുണ്ടായോ; | സി) | 3.11.2011 ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത വിശദമായ ചർച്ചകൾക്ക് ശേഷം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേക്ക് താഴെ പറയുന്ന തീരുമാനങ്ങൾ ഉണ്ടായി<br>1. നിയമത്തിന്റെ വകുപ്പ് 3(1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ കൃഷിഭൂമി ഇ.എഫ്.എൽ. വിജ്ഞാപനത്തിൽ പെട്ടുപോകാതിരിയ്ക്കാൻ മേലിൽ സ്ഥലം ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യുന്നതിന് മുൻപ് ഭൂമി കൃഷിഭൂമിയാണോയെന്ന് ജില്ലാ കളക്ടർ (ചെയർമാൻ), ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (കൺവീനർ), ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പ്രദേശത്തെ എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ് , ജില്ലാ കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായുള്ള ഒരു കമ്മിറ്റി സ്ഥലപരിശോധന നടത്തി പ്രസ്തുത സ്ഥലം കൃഷിഭൂമിയല്ലായെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ് .<br>2. ഇപ്പോഴത്തെ നിയമം അനുസരിച്ച് ഇ.എഫ്.എൽ. ഓർഡിനൻസ് പ്രകാരം വിജ്ഞാപനം ചെയ്ത സ്ഥലങ്ങൾ സംബന്ധിച്ച പരാതികൾ മാത്രം പരിശോധിക്കുന്നതിനാണ് ഇ. എഫ്. എൽ. കസ്റ്റോഡിയന് നിയമത്തിന്റെ വകുപ്പ് 19 (3) (ബി) പ്രകാരം അധികാരം നൽകിയിട്ടുള്ളത്. ഇ.എഫ്. എൽ. ആക്റ്റ് പ്രകാരം വിജ്ഞാപനം ചെയ്ത ഭൂമി സംബന്ധിച്ച |

പരാതികളും പരിശോധിയ്ക്കുന്നതിന ഇ.എഫ്.എൽ. കസ്റ്റോഡിയന് അധികാരം ഉണ്ടാകണം.

3. 2009 ലെ ഭേദഗതി നിയമത്തിലെ വകുപ്പ് 10 (എ) പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി ഒരു പ്രാവശ്യം കൂടി നീട്ടികൊടുക്കണം

ഡി) നിർദ്ദിഷ്ട നിയമഭേദഗതി നടപ്പിലാക്കിയാൽ നില വിൽ ഏറ്റെടുത്തിരിക്കുന്ന എത്ര ഹെക്ടർ വനഭൂമി നഷ്ടപ്പെടുമെന്ന് വനം വകുപ്പ് കണക്കാക്കി യിട്ടുണ്ടോ?

ഡി) ഓർഡിനൻസ് പ്രകാരവും പിന്നീട് വന്ന നിയമ പ്രകാരവും 14063.1263 ഹെക്ടർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട് ഭേദഗതിയെതുടർന്ന് നിയമം ദുർബലപെടുന്ന സ്ഥിതിവിശേഷം വന്നാൽ എത്ര ഹെക്ടർ വനഭൂമി നഷ്ടപ്പെടുമെന്ന് ഇപ്പോൾ കണക്കാക്കാൻ നിർവാഹമില്ല.

സെക്ഷൻ ഓഫീസർ